പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതന വിതരണത്തിൽ കുടിശ്ശിക</u>

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :123

14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീമതി.കെ.കെ.ലതിക | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതന വിതരണത്തിൽ കുടിശ്ശിക നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. 10.06.2013 ലെ പുരോഗതി റിപ്പോർട്ട് (എം.ഐ.എസ്) പ്രകാരം സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 9.59 കോടി രൂപ വേതന വിതരണത്തിൽ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വേതന വിതരണം സമയബന്ധിതമായി നടത്തുന്നതിൽ പിഴവ് വരുവാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | പരിശോധന നടത്തിയിട്ടുണ്ട്. കൂടുതൽ തൊഴിലാളികൾ ഒരേ സമയം തൊഴിൽ ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ നിരവധി പ്രവൃത്തികൾ ഒരേ സമയം പൂർത്തിയാകുന്ന അവസ്ഥ സംജാതമാകുകയും ഇത്തരം സന്ദർഭങ്ങളിൽ പ്രവൃത്തികളുടെ മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ പൂർത്തിയാക്കി മസ്റ്റർറോളുകൾ ഡേറ്റാ എൻട്രി ചെയ്ത് വേതന വിതരണം സമയബന്ധിതമായി നടത്തുന്നതിൽ കാലതാമസം നേരിട്ടിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വേതനം മുടങ്ങിയാൽ തൊഴിലാളി കളുടെ അപേക്ഷയില്ലാതെ അവർക്ക് നഷ്ടപരിഹാരം നൽകണമെന്നും, ഈ ബാദ്ധ്യത സംസ്ഥാന സർക്കാർ തന്നെ ഏറ്റെടുക്കണമെന്നുമുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത തീരുമാനപ്രകാരം നഷ്ട പരിഹാരയിനത്തിൽ എന്തു തുക സംസ്ഥാന സർക്കാർ നൽകേണ്ടതായി വന്നു ? | (ഡി) | നഷ്ടപരിഹാര ഇനത്തിൽ സംസ്ഥാന സർക്കാർ നാളിതു വരെ തുകയൊന്നും നൽകി യിട്ടില്ല. |

സെക്ഷൻ ഓഫീസർ